മദ്ധ്യമേഖല ഡി. ഐ. ജി., ആർ. ശ്രീലേഖയുടെ ലേഖനം

181 [3149] *ശ്രീ. പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്ധ്യമേഖല ഡി. ഐ. ജി., ആർ. ശ്രീലേഖ ഒരു വനിതാ വാരികയിൽ താൻ ഒരു കൊലക്കേസ് പ്രതിയെ രക്ഷിച്ചു എന്ന് ലേഖനം എഴുതിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ഡി. ജി. പി. ക്ക് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ;

(സി) ആ പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരാതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പരാതിയിൻമേൽ ദക്ഷിണമേഖല ഐ. ജി.-യെക്കൊണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് വാങ്ങിയിട്ടുള്ളതും, ആയത് പരിശോധിച്ചു കൊണ്ടിരിക്കുന്നതുമാകുന്നു.

ബാലുശ്ശേരി സർക്കിൾ ഓഫീസ് പരിധിയിൽ കൂടുതൽ പോലീസ് സ്റ്റേഷനുകൾ

182 [3150] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പോലീസ് സർക്കിൾ ഓഫീസിൽ ഇപ്പോൾ അനുവദിക്കപ്പെട്ട തസ്തികകൾ എത്രയാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കിളിന്റെ അധികാരപരിധിയിൽ എത്ര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; കൂടുതൽ പോലീസ് സ്റ്റേഷനുകൾ ഈ സർക്കിളിൽ കൊണ്ടുവരുന്നതിനു എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബാലുശ്ശേരി സർക്കിൾ ഓഫീസിൽ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ തസ്തികമാത്രം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly